# ഖുർആൻെറ പരിസ്ഥിതി സമീപനം

aj@vazhi.org

ഒരു ചോദ്യത്തിലൂടെ തുടങ്ങട്ടെ. എന്തുകൊണ്ട് മനുഷ്യമക്കളെ മണ്ണിൽനിന്ന് സൃഷ്ടിച്ചു?

നമ്മുടെ ബുദ്ധിയും ഭൂമിയിൽ മനുഷ്യൻെ സ്ഥാനവും ഉത്തരവാദിത്തവും പരിഗണിച്ച് നമുക്ക് എത്തിച്ചേരാവുന്ന ഉത്തരം ഇതാണ്: ഭൂമിയിൽ പ്രത്യുല്പാദനവും സംസ്കരണവും നാഗരികതയും സാധിക്കേണ്ടത് മനുഷ്യനിലൂടെയാണ്. അതു തന്നെയാണ് മണ്ണിൻെറ ഗുണവും. അതിനു വേണ്ടി അവനിൽ നിക്ഷേപിച്ച ഘടകങ്ങളാണ് കരുണ, ദയ, നീതി, സ്നേഹം തുടങ്ങിയ സദ്വികാരങ്ങൾ. അവ മൂലം പ്രകൃതിയെ ഉപയോഗപ്പെടുത്തുകയും സംസ്കരിക്കുകയും ചെയ്യേണ്ടത് മനുഷ്യരുടെ ബാധ്യതയാകുന്നു. കാരണം, ഇക്കണ്ടതെല്ലാം മനുഷ്യനു വേണ്ടിയുള്ളതാണ്. പ്രകൃതിയിലെ ഓരോ വസ്തുവിനെയും ഏകദൈവം പ്രത്യേകം പരാമർശിച്ച് “ഇത് മനുഷ്യനു വേണ്ടി സൃഷ്ടിക്കപ്പെട്ടു” എന്ന് ഉണർത്തുന്നത് കാണാം. മനുഷ്യൻ പ്രപഞ്ചത്തെ നീതിപൂർവം ഉപയോഗപ്പെടുത്തണമെന്നാണ് ഏകദൈവത്തിൻെറ നിശ്ചയം. കാരണം, പ്രപഞ്ചത്തിൽ മനുഷ്യൻ ദൈവപ്രതിനിധി എന്ന നിലക്കാണ് നിയോഗിക്കപ്പെട്ടത്.

പ്രകൃതിയിലെ തൻെറ സമസൃഷ്ടികളെ സ്നേഹിക്കാനും സഹകരണത്തോടെ കാര്യങ്ങൾ പങ്കിട്ടെടുക്കാനും വ്യവഹാരങ്ങളിൽ നീതിപാലിക്കാനും ഖുർആൻ മനുഷ്യനോട് ആവശ്യപ്പെടുന്നു. ഇതത്രെ പരിസ്ഥിതിയെ സംബന്ധിച്ച ഖുർആൻെറ കാഴ്ചപ്പാട്. ഖുർആനികജീവിത വ്യവസ്ഥയുടെ അന്തഃസത്തയാണത്.

## എന്താണ് പരിസ്ഥിതി?

പരിസ്ഥിതി കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് മണ്ണ്, വിണ്ണ്, കാട്, കടൽ, അവയിലൊക്കെ അധിവസിക്കുന്ന ജീവികൾ തുടങ്ങിയ ഘടകങ്ങളും അവയുടെ ജീവിതം നിലനിർത്താനാവശ്യമായ വ്യത്യസ്ത സാഹചര്യങ്ങളുമാണ്. ശാസ്ത്രത്തെപ്പോലെ ഇവക്കും ഖുർആനിന് അതിൻെറതായ പരിസ്ഥിതി സംരക്ഷണ-സമീപന രീതിയുണ്ട്. പ്രകൃതിയോട് എങ്ങനെ വർത്തിക്കണമെന്ന് ഖുർആൻ നിർദ്ദേശിക്കുകയും പ്രവാചകൻ മുഹമ്മദ് അതിന് പ്രായോഗിക രീതി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവ മാനിച്ചു ജീവിച്ചാൽ ഐഹിക ജീവിതത്തിൽ മനുഷ്യർക്കും ജീവവർഗത്തിനും പ്രകൃതിക്കും സ്വസ്ഥതയുള്ളതോടൊപ്പം മരണാനന്തരജീവിതത്തിൽ മനുഷ്യന് വിജയവും ഖുർആൻ വാഗ്ദാനം ചെയ്യുന്നു. ഈ അവസ്ഥ ലംഘിക്കപ്പെടുന്നതോടെ അതിൻെറ സംതുലിതത്വം നഷ്ടപ്പെടുകയും അതിൻെറ ഇക്കോളജി മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. അതാകട്ടെ മനുഷ്യനും പ്രകൃതിക്കും അതിലെ ജീവസമ്പത്തിനും ദുരിതമായിത്തീരും.

## പരിസ്ഥിതിയുടെ അടിസ്ഥാനം

പരിസ്ഥിതിയുടെ ഖുർആനിക വീക്ഷണത്തിൻെറ അടിസ്ഥാനം ഏകദൈവത്വമാകുന്നു. അവനാണ് അതിൻെറ സ്രഷ്ടാവ്. മനുഷ്യൻ സ്രഷ്ടാവല്ല. പ്രപഞ്ചത്തിലെ ഏതെങ്കിലും വസ്തുക്കൾ ഏതെങ്കിലും വിധത്തിൽ പൂജിക്കാനുള്ള വസ്തുവല്ല. അത് ദൈവത്തിൻെറ സൃഷ്ടിയും മറ്റു ജീവികൾക്കും മനുഷ്യനും അധിവസിക്കാനും ഉപയോഗപ്പെടുത്താനുള്ള ജീവിതോപാധിയാകുന്നു. ഏകദൈവത്തിൻെറ സൃഷ്ടിയായതിനാൽ അവൻെറ ആജ്ഞക്ക് വിധേയമായാണ് അവ നിലനില്ക്കുന്നതും പ്രവർത്തിക്കുന്നതും. അതിലാണ് പ്രകൃതിയുടെ സംതുലിതത്വവും നിലനില്പും അധിഷ്ഠിതമായിരിക്കുന്നത്. ഏതെങ്കിലും ഒരു ഘടകം ആ ഘടന തെറ്റിച്ചാൽ ജീവിതം നശിക്കുന്നതായിരിക്കും. അതിനാൽ പ്രപഞ്ചത്തോട് എങ്ങനെ വർത്തിക്കണമെന്ന ദൈവിക

കല്പന മനുഷ്യൻ തൻെറ ജീവിതത്തിൽ പാലിക്കണം. അതിൻെറ അടിസ്ഥാനത്തിലാകണം ഭൂമിയുടെ സംസ്കരണവും വികസനവും നടത്തേണ്ടത്.

## തത്വശാസ്ത്രങ്ങളുടെ വീക്ഷണം

പ്രകൃതിയോട് രണ്ട് തരം വീക്ഷണങ്ങളാണ് നിലനിൽക്കുന്നത്. പ്രകൃതിയെ അമിതമായി സ്നേഹിക്കുന്നവരും പ്രകൃതിയെ ദൈവമായി കാണുന്നവരുമായ വിഭാഗത്തിൻെറതാണ് ഒന്നാമത്തെ വീക്ഷണം. രണ്ട്, പ്രകൃതിയെ ലാഭം കൊയ്യാനുള്ള ഉപാധിയായി കണ്ട് അമിതമായി ചൂഷണം ചെയ്യുന്നവരുടെ മനോഭാവമാണ് രണ്ടാമത്തെ വീക്ഷണം. എന്നാൽ ഖുർആൻ ഈ രണ്ട് ആത്യന്തികതക്കും മധ്യേ ഉന്നതമായ ഒരു വീക്ഷണമാണ് പുലർത്തുന്നത്. പ്രകൃതിയെ എന്ത് ഉദ്ദേശ്യത്തോടെ സൃഷ്ടിച്ചുവെന്നും മനുഷ്യൻ അതിനെ ഏത് രൂപത്തിൽ ഉപയോഗിക്കണമെന്നും നിർദ്ദേശിക്കപ്പെടാതെ പോകുമ്പോഴാണ് ഉപരിസൂചിത രീതിയിലുള്ള ആത്യന്തിക സമീപനങ്ങൾ വളർന്നുവരിക.

## ഖുർആൻെറ വീക്ഷണം

ഖുർആൻ പരിസ്ഥിതിയെ സമചിത്തതയോടും സംതുലിതത്വത്തോടും കൂടിയാണ് കൈകാര്യം ചെയ്യുന്നത്. അതിൻെറ കർമശാസ്ത്ര പഠനങ്ങളിൽ സംതുലിതത്വവും സൂക്ഷ്മതയും പാലിച്ചിട്ടുള്ളതായി കാണാം. ദൈവം തൻെറ പ്രവാചകന്മാരിലൂടെ മനുഷ്യരെ നിഷിദ്ധം, അനുവദനീയം, ഐച്ഛികം എന്നൊക്കെ അഭ്യസിപ്പിച്ചിട്ടുള്ളത് ഈ സംതുലിതത്വം നിലനിർത്തുന്നതിനു വേണ്ടിയാണ്. അവ മനുഷ്യൻ തൻെറ ജീവിതത്തിൻെറ ഓരോ മേഖലയിലും ശക്തിയായി നിലനിർത്തേണ്ട ദൈവിക അധ്യാപനങ്ങളാണ്.

മേൽ സൂചിപ്പിച്ചതു പോലെ ഖുർആനിക ജീവിതദർശനത്തിൻെറ നിയമവ്യവസ്ഥ മനുഷ്യജീവിതത്തിന് ഏതൊരു വിധിവിലക്കും സമർപ്പിച്ചിട്ടുള്ളത് ജീവിതം നിലനില്ക്കുകയും വളരുകയും ഉപദ്രവങ്ങളെ തടയുകയും ചെയ്യുക എന്ന അടിസ്ഥാനം പാലിച്ചുകൊണ്ടുള്ളതാണ്. ആരാധന, ശുചീകരണം, ഭക്ഷണക്രമം, സാമൂഹിക വ്യവഹാരങ്ങൾ, വികസന പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഈ അടിസ്ഥാനം പാലിച്ചതായി കാണാം. കാരണം, പ്രകൃതിയിലെ ഓരോ വസ്തുവിനും ഘടകത്തിനും നിലനില്ക്കാനുള്ള അവകാശമുണ്ട്.

പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുള്ള ഓരോ വസ്തുവും മനുഷ്യൻെറ ഉപയോഗത്തിനും നിലനില്പിനും വേണ്ടി ഏകദൈവം സംവിധാനിച്ചതാണ്. എന്നാൽ പ്രത്യക്ഷത്തിൽ മനുഷ്യന് ഉപദ്രവകരം എന്നു തോന്നാവുന്ന വസ്തുക്കൾ പോലും പരോക്ഷമായി അവൻെറ ജീവിതമിത്രമാണെന്ന് കാണാൻ കഴിയും. അവയെ ആ അർഥത്തിൽ മനസ്സിലാക്കുകയും നിലനില്ക്കാനുള്ള അവയുടെ അവകാശം മനുഷ്യൻ സംരക്ഷിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അതിലും മനുഷ്യന് ജീവിതമുണ്ട്.

മനുഷ്യൻ ഭൂമിയിൽ ഏകദൈവത്തിൻെറ പ്രതിനിധിയാണെന്ന് സൂചിപ്പിച്ചു. അവൻെറ ആവശ്യങ്ങൾക്കായി ഏകദൈവം സ്രഷ്ടിച്ച വസ്തുക്കളെ നിർമാണാത്മകമായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം അതിൻെറ സംതുലിതത്വം നിലനിർത്താനും മനുഷ്യൻ ബാധ്യസ്ഥനാണെന്ന കാര്യവും സൂചിപ്പിച്ചു. അതിൻെറ മുഖ്യകാരണം, പ്രപഞ്ചത്തിൻെറ ഓരോ ഘടകവും അവയുടെ സ്രഷ്ടാവായ ഏകദൈവത്തിൻെറ പ്രത്യേകമായ നിയമങ്ങൾക്ക് വിധേയമായാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നതാണ്. ആ നിയമത്തെയാണ് പ്രപഞ്ചത്തിൻെറ നിലനില്പും മനുഷ്യൻെറ ജീവിതവും വളർച്ചയും ആശ്രയിച്ചിരിക്കുന്നത്.

ഈ ഭൂമിയെ തൻെറ ജീവിതനിലനില്പിനായി ഏകദൈവം സംവിധാനിച്ചുവെച്ചതാണെന്ന തിരിച്ചറിവ് മനുഷ്യന് നഷ്ടപ്പെട്ടിരിക്കുന്നു. അല്ലാഹു പറഞ്ഞു: *“മനുഷ്യകർമങ്ങൾ കാരണമായി കരയിലും കടലിലും കുഴപ്പം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു.”* ഈ സംഗതി എടുത്തോതിയ സ്ഥലത്ത് “ഫസാദ്” എന്ന പദമാണ് ഖുർആൻ ഉപയോഗിച്ചത്.

ഏകദൈവം നിശ്ചയിച്ച സംവിധാനത്തിൽനിന്ന് ഒന്നിനെ ഇളക്കി മാറ്റുന്നതിനാണ് ഫസാദ് എന്നു പറയുന്നത്. വലിയ രീതിയിലുള്ള വനനശീകരണവും അതുമൂലമുണ്ടായ ജലക്ഷാമവും പട്ടിണിയും രോഗവുംമൊക്കെ, മനുഷ്യരുടെ പുരോഗതിക്കായുള്ള പ്രവർത്ത നങ്ങളിൽ പ്രകൃതിയുടെ സംതുലനം പാലിക്കാതിരുന്നതിന്റെ തിക്തഫലമാണ്.

ഖുർആൻ ചോദിക്കുന്നു:

*“ഭൂമിയെ നാം വിരിപ്പാക്കിയില്ലയോ? പർവതങ്ങളെ ആണികളെന്നോണം നാട്ടിനിർത്തുകയും ചെയ്തില്ലയോ?”*

ഈ ഭൂമിയിൽ പർവതങ്ങളുടെ സ്ഥാനം ആണികളുടെതാണ്. അവ പ്രപഞ്ചസംതുലിതത്വത്തിൽ പ്രധാന സ്ഥാനമാണ് വഹിക്കുന്നത്. ഭൂമിയിൽനിന്ന് അവ ഇളകിമറിയുന്നതോടെ ഭൂമിയുടെ സംതുലനം നഷ്ടപ്പെടുകയും ലോകം നശിക്കുകയും ചെയ്യുന്നു. എന്നാൽ എത്ര തന്നെ മുന്നറിയിപ്പുകൾ നല്കിയാലും മനുഷ്യപുരോഗതിയുടെ പേരിൽ പരിഗണിക്കപ്പെടാതെ പോകുന്ന കാര്യങ്ങളിൽ ചിലതാണ് ഭൂമിയിൽ നിന്ന് മലകളെ പിഴുതുമാറ്റൽ.

പ്രകൃതിയുടെ താല്പര്യങ്ങൾ പരിഗണിക്കാതെ മനുഷ്യൻ അതിനു മീതെ കൈവെച്ചപ്പോഴൊക്കെ മനുഷ്യന് ദുരിതമാണ് ഉണ്ടായിട്ടുള്ളത്. യുദ്ധങ്ങളും അതിന്റെ ഫലമായുണ്ടാകുന്ന പ്രകൃതിമലിനീകരണവും മാറാരോഗവും പട്ടിണിയും പ്രകൃതിമാറ്റങ്ങളും ജലക്ഷാമവുമൊക്കെ മനുഷ്യന് താങ്ങാനാകാത്ത ജീവിഭാരമായിരിക്കും വരുത്തുക.

## പരിപാലനം, ശുശ്രൂഷ

പരിസ്ഥിതി സംരക്ഷണം എന്ന് വ്യവഹരിക്കുന്നിടത്ത് പരിപാലനം, ശുശ്രൂഷ എന്നിവ ഉപയോഗിക്കുന്നതാണ് ഏറെ ഉചിതമായിട്ടുള്ളത്. സംരക്ഷണത്തിൽ ഈ സൂചിപ്പിച്ച രണ്ട് ഘടകങ്ങളും പ്രായേണ കുറവായിരിക്കും. അതേയവസരം പ്രകൃതിയാകട്ടെ അതിനെ നശിപ്പിക്കുന്ന എല്ലാ പ്രതികൂലാവസ്ഥകളിൽനിന്നുള്ള പരിപാലനവും അതിനെ അപകടപ്പെടുത്തുന്ന ഘടകങ്ങളിൽനിന്നുള്ള ശുശ്രൂഷയും ആവശ്യപ്പെടുന്നുമുണ്ട്. അവ നല്കേണ്ടത് ഒരു പരിധിയോളം മനുഷ്യനാണ്.

പ്രകൃതിക്ക് രണ്ട് മൗലിക ഗുണങ്ങളുണ്ട്. ഒന്ന്, അത് മനുഷ്യന്റെ നന്മയും സേവനവും ലക്ഷ്യമാക്കി സംവിധാനിക്കപ്പെട്ടതാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ഈയർഥത്തിൽ സേവനസജ്ജമാണ്. രണ്ട്, പ്രകൃതിയിലെ എല്ലാ ഘടകങ്ങളും പരസ്പരം യോജിച്ചാണ് ഈ സേവനപ്രക്രിയ നടത്തുന്നത്. ഈയർഥത്തിൽ പ്രകൃതിയിലെ വസ്തുക്കൾക്ക് പ്രയാസമുണ്ടാക്കുന്ന സംഗതികളിൽനിന്ന് അവയെ സംരക്ഷിക്കാൻ മനുഷ്യൻ നിർബന്ധിതരാണ്, അവന്റെ ജീവിതം സംരക്ഷിക്കാനും പരിപാലിക്കാനും അവൻ ബാധ്യസ്ഥനായതുപോലെ. ഏകദൈവം മനുഷ്യനെ ഭൂമിയിലെ തന്റെ പ്രതിനിധിയായി നിശ്ചയിക്കാൻ കാരണങ്ങളിലൊന്ന് ഭൂമിയുടെ സംരക്ഷണവും പരിപാലനവും മനുഷ്യന് മാത്രമേ സാധിക്കുകയുള്ളൂ എന്നതിനാലാണ്. അതാകട്ടെ മനുഷ്യവംശത്തിന്റെ ഭൗതികക്ഷേമത്തിനും പ്രകൃതിയുടെ നിലനില്പിനും അനിവാര്യവുമാണ്.

## മനുഷ്യന്റെ ബാധ്യത

തന്റെ പ്രകൃതിയുടെ സംരക്ഷണത്തിനായി ഏകദൈവം നിശ്ചയിച്ച ആജ്ഞ പാലിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. ആ ആജ്ഞ അവന്റെയും അവന്റെ പ്രകൃതിയുടെയും നിലനില്പിനും വളർച്ചക്കുമുള്ള ദൈവിക കാരുണ്യമാണെന്ന് സൂചിപ്പിച്ചു. അതേയവസരം സമസൃഷ്ടികളോടുള്ള സ്നേഹവും സദ്പെരുമാറ്റവും പ്രകൃതിസംരക്ഷണത്തിന്റെ ഭാഗമായാണ് ഖുർആൻ കണക്കാക്കുന്നത്. എല്ലാ വസ്തുക്കളോടും നല്ല നിലയിൽ വർത്തിക്കണമെന്നത് ദൈവിക കല്പനയാകുന്നു.

മനുഷ്യന് ചുറ്റുമുള്ള എല്ലാ ജീവികളോടും നിർജീവ വസ്തുക്കളോടും സ്നേഹവികാരങ്ങളോടെ പെരുമാറണമെന്ന് ഖുർആൻ അനുശാസിക്കുകയും അവ നിങ്ങളെ

പ്പോലുള്ള സമുദായങ്ങൾ തന്നെയാകുന്നു എന്ന് വ്യക്തമാക്കുകയും ചെയ്തു. ഈ സമീപനം പ്രകൃതിയോടുള്ള ദൈവികസ്നേഹത്തിൻെറ ഭാഗമാകുന്നു.

മൂന്ന് കാര്യങ്ങളാണ് മനുഷ്യൻ ചെയ്യേണ്ടത്.

1. പ്രകൃതിയിലെ വിഭവങ്ങൾ എല്ലാവരുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടും വിധം വിഭജിക്കുക.
2. പ്രകൃതിയുടെ നേരെ തന്നോട് ആജ്ഞാപിച്ചതു പോലെ സമീപനം കൈകൊള്ളുകയും അവയ്ക്ക് വളരാനുള്ള അവസരമൊരുക്കുകയും ക്രമീകരിക്കുകയും ചെയ്യുക.
3. ഇക്കാര്യങ്ങളിൽ സാധ്യമാകുന്നത്ര നീതി പാലിക്കുക.

കാരണം, നിലനില്ക്കുന്ന തലമുറക്ക് മാത്രം അനുഭവിക്കാനുള്ളതല്ല പ്രകൃതിയും അതിലെ വിഭവങ്ങളും. മനുഷ്യർ എന്നൊക്കെ നിലനില്ക്കുമോ അന്നൊക്കെ അതിൻെറ ആവശ്യവും നേരിടും.

## പ്രകൃതി സംരക്ഷണം: ആരാധന

ഖുർആൻ പ്രകൃതി സംരക്ഷണത്തെ ആരാധനയായാണ് കാണുന്നത്. മനുഷ്യൻെറ കാഴ്ചപ്പുറത്തുള്ള എല്ലാം അതിൽ പെടും. ഒരു ചെടി നട്ടുപിടിപ്പിച്ചിട്ടെങ്കിലും ദൈവിക കോപത്തിൽനിന്ന് രക്ഷനേടാൻ പ്രവാചകൻ മുഹമ്മദ് ഉപദേശിക്കുകയുണ്ടായി. ഒരു പൂച്ചയെ കെട്ടിയിട്ട സ്ത്രീയെ സംബന്ധിച്ച് അവൾ നരകത്തിലാണെന്ന് പ്രവാചകൻ പഠിപ്പിച്ചു. ദാഹിച്ചുവലഞ്ഞ ഒരു നായക്ക് കിണറിൽനിന്ന് വെള്ളം കോരി കുടിപ്പിച്ചയാൾ സ്വർഗാവകാശിയാണെന്നും പ്രവാചകൻ വ്യക്തമാക്കി. ഇതേ പ്രകൃതിസംരക്ഷണത്തിൻെറ ഭാഗമായാണ് തൻെറ അനുയായികൾ വഴിയിൽ കൂട്ടിയ തീ അണക്കുവാനും വെള്ളമൊഴിച്ച് അവിടെ തണുപ്പിക്കുവാനും പ്രവാചകൻ ആവശ്യപ്പെട്ടത്. അതുവഴി ഉറുമ്പുകൾ ചാലിട്ടു വരുന്നുണ്ടായിരുന്നു. ഖുർആനിൻെറ പരിസ്ഥിതി സംരക്ഷണം അത്രമാത്രം ഉന്നതവും വിശാലവുമാണ്. കാരണം പ്രകൃതി ദൈവിക ദാനമാകുന്നു. അതിൻെറ സംരക്ഷണം അവൻ നമ്മെ ഏല്പിച്ച ഉത്തരവാദിത്തവുമാകുന്നു.

## വികസനവും പരിസ്ഥിതിയും

സമൂഹത്തിനും പ്രകൃതിക്കും ഹാനികരമാകാത്ത വിധം, എന്നാൽ മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്ന വികസന നയമാണ് ഖുർആനിക ജീവിതവ്യവസ്ഥ സമർപ്പിക്കുന്നത്. അഥവാ, അതിലെ ആരാധനകളെപ്പോലെ തികച്ചും മാനുഷികമായ മുഖം അതിനുണ്ട്. ചൂഷണം ലക്ഷ്യം വെച്ചുള്ള വികസനത്തെ അത് നിരാകരിക്കുന്നു. കമ്പോളം മാത്രം ലാക്കാക്കിയുള്ള വികസനത്തെയും അത് നിരാകരിക്കുന്നു. എന്നാൽ പ്രകൃതിക്കു വേണ്ടി എല്ലാ വിധ വികസന പ്രവർത്തനങ്ങളെയും കൈയൊഴിക്കണമെന്ന നിലപാടും അതിനില്ല. വ്യക്തമായ മധ്യമ നിലപാടാണ് അതിനുള്ളത്.

മരങ്ങൾ കൂടുതൽ വെട്ടിനശിപ്പിക്കുന്നതിനെയും തീരെ വെട്ടാതിരിക്കുന്നതിനെയും അത് നിരാകരിക്കുന്നത് ഉദാഹരണം. കാരണം, മനുഷ്യജീവിതത്തിനാവശ്യമായ പൾപ്പ്, പേപ്പർ തുടങ്ങിയ ഉല്പന്നങ്ങൾ ലഭിക്കണമെങ്കിൽ മരം മുറിക്കാതെ നിർവാഹമില്ല. എന്നാൽ അത് പ്രകൃതിയുടെ ദുരന്തത്തിലേക്ക് വഴിവെക്കും വിധമാകരുതെന്നു മാത്രം.

ജലാശയങ്ങളെ സംരക്ഷിക്കുകയും സമൂഹം ജലമില്ലാതെ കഷ്ടപ്പെടുമ്പോൾ അത് സ്വകാര്യമായി വെക്കുകയും ചെയ്യുന്നത് പ്രകൃതിയോടുള്ള വെല്ലുവിളിയാണ്. അതിനാലാണ് വെള്ളം, കന്നുകാലികൾക്കാവശ്യമായ പുല്ല്, തീ എന്നിവ സ്വകാര്യോടമസ്ഥതയിൽ വെക്കരുതെന്ന് പ്രവാചകൻ പഠിപ്പിച്ചത്.

## സാമൂഹികനീതിയും പൊതുനന്മയും

വികസന പ്രവർത്തനങ്ങൾക്ക് ഖുർആനിക ജീവിതവ്യവസ്ഥ മുന്നോട്ട് വെക്കുന്ന രണ്ട് തത്വങ്ങളാണ് സാമൂഹികനീതിയും പൊതുനന്മയും. ഏതെങ്കിലും പദ്ധതി എത്ര തന്നെ ലാഭകരമാണെങ്കിലും ശരി, അത് പൊതുജീവിതത്തിനും പ്രകൃതിക്കും ഭീഷണിയാണെങ്കിൽ അതിൽനിന്ന് പിന്മാറണമെന്ന് അത് ആവശ്യപ്പെടുന്നു. കാരണം, ഏതാനും വ്യക്തികളുടെ വളർച്ചയെക്കാൾ സമൂഹത്തിൻെറ ബുദ്ധിമുട്ടിനെയാണ് അത് പരിഗണിക്കുന്നത്. അതേയവസരം ജനജീവിതത്തിൻെറ ഭാഗമായ ചില വ്യവസായങ്ങൾ ഇതിൽ നിന്ന് ഭിന്നമായേക്കാം. കാരണം, സമൂഹത്തിൻെറ വലിയ പ്രയാസങ്ങൾ നീങ്ങാൻ ചെറിയ തരത്തിലുള്ള ഉപദ്രവങ്ങൾ ആകാമെന്ന പൊതുതത്വമാണതിന് നിദാനം. എന്നാൽ അതൊരു ശാശ്വത മാർഗമല്ല, സമൂഹം എപ്പോൾ അതിൻെറ വരുതിക്ക് പുറത്ത് കടന്ന് സ്വയം പര്യാപ്തി പ്രാപിക്കുകയും പ്രസ്തുത മാർഗം അവരുടെ മുമ്പിൽ അവശ്യോപാധിയായി അവശേഷിക്കാതിരിക്കുകയും ചെയ്യുന്നുവോ അപ്പോൾ ആ മാർഗം അടയ്ക്കുക തന്നെ ചെയ്യും. പ്രതിബന്ധം കാരണം അനുവദനീയമായവ പ്രതിബന്ധം നീങ്ങുന്നതോടെ അനുവദനീയമല്ലാതായിമാറും എന്ന പൊതു തത്വവും അതിലുണ്ട്

എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം വികസനം എന്നു പറയുമ്പോൾ പരിസ്ഥിതി എന്ന വാക്കുപോലും ഉച്ചരിക്കരുതെന്ന അവസ്ഥ നിലവിലുണ്ട്. തത്വങ്ങളും ആദർശങ്ങളും രാഷ്ട്രീയും മതവുമൊക്കെ അവിടെ വെറും നോക്കുകുത്തികൾ മാത്രം. പരിസ്ഥിതി വേണമോ വികസനം വേണമോ എന്ന ചോദ്യത്തിന് പരിസ്ഥിതിയുടെ സുരക്ഷയിലധിഷ്ഠിതമായ വികസനമാണെന്നു പറയാൻ ആളുകളില്ല. അത്തരം ചോദ്യത്തിലേക്ക് സമൂഹത്തെ വലിച്ചിഴക്കാത്ത ഭരണകൂടവുമില്ല.

ഈ രംഗത്ത് ഖുർആന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. ഖുർആൻെറ നിയമങ്ങളുടെ ആകത്തുക ജനജീവിതം പ്രയാസരഹിതമാവുക എന്നതാകുന്നു. ഈ തത്വത്തിൽ പല ആധുനിക വികസന പ്രവർത്തനങ്ങളും സാധൂകരിക്കപ്പെടാനാകാത്ത വിധം ജനജീവിതത്തെയും പ്രകൃതിയെയും മാരകമായി ബാധിക്കുന്നവയാണെന്ന് കാണാൻ സാധിക്കും.

വ്യാപാര രംഗത്താകട്ടെ പൂഴ്ത്തിവെക്കരുതെന്നും അമിത വില കൂട്ടിപ്പറയരുതെന്നും അത് കർശനമായി അനുശാസിക്കുന്നതു കാണാം. മോശപ്പെട്ട ഭക്ഷണസാധനങ്ങൾക്കു മുകളിൽ നല്ല സാധനങ്ങൾ വെച്ച് കച്ചവടം നടത്തിയ ഒരാളെ ഖലീഫാ ഉമർ കൈകാര്യം ചെയ്തതും ഈ പരാമർശത്തോടൊപ്പം ഓർക്കേണ്ടതാണ്.

കാർഷിക രംഗത്തും ഈ സമീപനം കാണാം. ഉപയോഗശൂന്യമായ ഭൂമി അത് കൃഷിയോഗ്യമാക്കിയെടുക്കുന്നവന് അവകാശപ്പെട്ടതാണെന്ന് പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി. പ്രകൃതിയുടെയും മണ്ണിൻെറയും സംരക്ഷണമാണ് അതിന് അടിസ്ഥാനം.

ചുരുക്കത്തിൽ പരിസ്ഥിതിയുടെ ഓരോ ഘടകത്തെയും നാം നമ്മുടെ സ്വകാര്യ സംരക്ഷണങ്ങൾക്കായി നശിപ്പിക്കുമ്പോൾ തകരുന്നത് മനുഷ്യൻ തന്നെയാണ് എന്നു നാം തിരിച്ചറിയുക. പ്രകൃതിയോട് പെരുമാറുവാൻ ഏകദൈവം നിശ്ചയിച്ച പെരുമാറ്റ രീതി കൈവെടിയുമ്പോൾ പകരം വരിക മാറാരോഗവും പട്ടിണിയും ജലക്ഷാമവും ഒക്കെ സംഘടിച്ചുണ്ടാകുന്ന ഭീകരാവസ്ഥയായിരിക്കും.

ഇതൊക്കെ ഒരു തത്വമായി പറയാമെങ്കിലും ഓരോ രാജ്യത്തെ പരിശോധിച്ചാലും അവിടത്തെ വികസന പ്രവർത്തനങ്ങൾക്ക് തിക്തമായ ഒരു മറുവശമുണ്ട്. പലപ്പോഴും വികസന പ്രവർത്തനങ്ങളുടെ സദ്ഫലങ്ങൾ താഴെ തട്ടിലുള്ളവരിലേക്ക് എത്തുന്നില്ല എന്നതാണ് പരമാർഥം. സാമൂഹിക സമത്വത്തെ സംബന്ധിച്ച് നാം വാതോരാതെ സംസാരിക്കുമ്പോഴും “പുറംപോക്ക്” സമൂഹങ്ങൾ എന്നും എവിടെയും പ്രശ്നസങ്കീർണമായി നില്ക്കുന്നതു കാണാം.

## ചില പൊതു തത്വങ്ങൾ

വികസനപ്രവർത്തനങ്ങളിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില പൊതു തത്വങ്ങൾ നാം അറിയുകയും പാലിക്കുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു.

- ഉപദ്രവത്തെ കഴിയും വിധം നീക്കണം.
- ഒരു ഉപദ്രവത്തെ തതുല്യമായ ഉപദ്രവത്തിലൂടെ നീക്കാവതല്ല.
- വലിയ ഉപദ്രവത്തെ തടുക്കാൻ ചെറിയ ഉപദ്രവം സഹിക്കണം.
- പൊതു ഉപദ്രവം തടുക്കാൻ ഒരു പ്രത്യേക ഉപദ്രവത്തെ സഹിക്കണം.
- കടുത്ത ഉപദ്രവത്തെ തടുക്കാൻ ലഘുവായ ഉപദ്രവം ആകാം.
- രണ്ട് തിന്മകളിൽ ലഘുവായത് തെരഞ്ഞെടുക്കാം.
- ഉപകാരമെടുക്കുന്നതിനെക്കാൾ ദൂഷ്യങ്ങൾ തടുക്കുന്നതിനാണ് മുൻഗണന.

## പരിസ്ഥിതി സംരക്ഷണത്തിൻെറ മുൻഗണനാക്രമം

പരിസ്ഥിതി സംരക്ഷണത്തിൽ ഏറ്റവും പ്രധാനമായത് അഞ്ച് കാര്യങ്ങളാകുന്നു. നാം സ്വീകരിക്കുന്ന ഓരോ ചുവടുവെപ്പിലും ഈ മുൻഗണനാക്രമം ദീക്ഷിക്കണം.

1. ആരോഗ്യ സംരക്ഷണം.

ജീവന് ഹാനികരമാകുന്ന അനാരോഗ്യകരമായ സാഹചര്യങ്ങളെ തടയുകയാണ് പ്രഥമമായി ചെയ്യേണ്ടത്. രോഗം ദൈവികമാകുന്നു. അവൻ അതിന് പ്രതിവിധിയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചികിത്സിക്കാനല്ല, രോഗം വരാതിരിക്കാനുള്ള സാഹചര്യം ഇല്ലാതാക്കണമെന്നാണ് പ്രവാചകാധ്യാപനം. അതിനായി നാം വ്യായാമം പതിവാക്കുക. അമിത ഭക്ഷണവും ഉറക്കും വെടിയുക. ഹാനികരമായ വസ്തുക്കൾ ഉപേക്ഷിക്കുക. ജീവിതത്തിന് ശീലവും ചിട്ടയും വ്യവസ്ഥയും ഉണ്ടാക്കുക.

2. സന്താനങ്ങളുടെ സംരക്ഷണം.

മാനവ വംശത്തിൻെറ നൈരന്തര്യം നിലനിർത്തുന്നത് സന്താനങ്ങളാകുന്നു. പരിസ്ഥിതിയോടുള്ള കൈയേറ്റം ഭാവിതലമുറയോടുള്ള കൈയേറ്റമായാണ് കണക്കാക്കേണ്ടത്. വികസനത്തിൻെറ പേരിൽ നടക്കുന്ന ഓരോ ചുവടുവെപ്പും ഭാവിതലമുറയെ എത്രകണ്ട് ബാധിക്കുമെന്ന് നാം പരിശോധിക്കണം. ഫാഷൻെറ പേരിൽ വളർന്നു വരുന്ന ദുശ്ശീലങ്ങളിൽനിന്നും അവരെ സംരക്ഷിക്കുക. മൂല്യങ്ങളെപ്പറ്റിയും കുടുംബഭദ്രതയെക്കുറിച്ചും അവരെ ബോധ്യപ്പെടുത്തുക.

3. ബുദ്ധിയുടെ പരിരക്ഷ.

മനുഷ്യനെ ഇതര ജീവികളിൽനിന്ന് വേർതിരിക്കുന്നത് അവൻെറ ബുദ്ധിശക്തിയാണ്. ബുദ്ധി ശരിയായ രീതിയിൽ നിലനിന്നെങ്കിൽ മാത്രമേ നന്മയും തിന്മയും ചീത്തയും നല്ലതും സത്യവും അസത്യവും ഹാനികരവും അല്ലാത്തതും ഉചിതവും അനുചിതവും സഭ്യവും അസഭ്യവും തുടങ്ങിയ കാര്യങ്ങളെ വർഗീകരിച്ചു മനസ്സിലാക്കാനും ജീവിതം ശരിയായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും സാധിക്കുകയുള്ളൂ. അമിതമായ ലഹരിസാധനങ്ങളുടെ ഉപയോഗം ഇതിന് വിരുദ്ധമായ സംഗതികളാകുന്നു.

4. സമ്പത്തിൻെറ പരിരക്ഷ

നമ്മുടെ നിലനില്പിനായി ഏകദൈവം തന്നതാണ് ധനം. അത് ധൂർത്തടിക്കരുത്. സമ്പത്ത് പോഷിപ്പിക്കാനുള്ള മാർഗം നാം കണ്ടെത്തണം. ഇന്ന് ലോകം അനുഭവിക്കുന്ന വലിയ ദുരന്തങ്ങളിൽ ഒന്ന് നമുക്ക് ജീവിക്കാനാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ മറ്റുള്ളവർ ഊറ്റിയെടുക്കുന്നുവെന്നതാണ്. അവകാശങ്ങൾ പരസ്പരം പങ്കുവെച്ച്, സമ്പത്തിനെ പരിപോഷിപ്പിക്കുകയും സംരക്ഷിക്കുകയും ഉല്പാദനവും ഉപഭോഗവും വകതിരിവോടെ കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഒരു രീതി നാം കൈകൊള്ളുക തന്നെ വേണം.

5. ചുറ്റുപാടിൻെറ സംരക്ഷണം.

ഇത് ഏറെ പ്രധാനപ്പെട്ടതാണ്. നാം ജീവിക്കുന്ന ചുറ്റുപാട് ഭീഷണമാണെങ്കിൽ മറ്റെന്ത് സൗകര്യങ്ങളുണ്ടായാലും അവയൊക്കെ ജീവിതത്തിന് ഉപകാരപ്പെടാതെയാകും.

അതിനാൽ ജീവിക്കുന്ന ചുറ്റുപാടിന്റെ സംരക്ഷണമാണ് ഏറെ പ്രധാനം. വീട് വെക്കുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് അയൽപക്കമാണെന്നത് വലിയ കാര്യമാണ്. സ്വസ്ഥമായ ജീവിതസാഹചര്യം സ്വന്തം പുരക്കകത്ത് വേണമെങ്കിൽ അയൽവാസി നന്നാവുക തന്നെ വേണം. അതു കഴിഞ്ഞാണ് വെള്ളം പോലുള്ള ജീവോപാധികളുടെ കാര്യം വരുന്നത്.

വൃത്തിയും ഏറെ പ്രധാനമാണ്. വൃത്തിയെ സംബന്ധിച്ച് ഗൗരവത്തോടെ പരാമർശിച്ച ഒരു ദർശനം ഖുർആൻേറതിനോളം വേറെയില്ല. വൃത്തി ദൈവവിശ്വാസത്തിന്റെ പകുതിയാണെന്ന് പ്രവാചകൻ മുഹമ്മദ് പഠിപ്പിച്ചു. പരിസര ശുചിയും ആന്തരികവും ബാഹ്യവുമായ ശാരീരികശുചിയുമാണ് അതുകൊണ്ട് അർഥമാക്കുന്നത്.

## ചില പൊതുചിന്തകൾ

1. വികസനം കേവലം ഭൗതികവികസനമായി കാണരുത്. മൂല്യാത്മക ഭാവം അതിനുണ്ടാവുക തന്നെ വേണം. വികസനത്തിന്റെ പേരിൽ പരിസ്ഥിതി പ്രശ്നം ഉണ്ടാകരുത്. ആരുടെയും അവകാശവും അഭിമാനവും ഹനിക്കപ്പെടരുത്. പ്രകൃതിയോട് തുല്യനീതി പുലർത്താൻ വികസന പ്രവർത്തനങ്ങൾക്ക് സാധിക്കണം. ധൂർത്തും സ്വാർഥവും അഹങ്കാരവും അതിൽ ഉണ്ടാകരുത്.
2. പാവപ്പെട്ടവൻ, ധനികൻ, നേതാവ്, മൃഗങ്ങൾ എന്നീ വകതിരിവുകൾ സൃഷ്ടിക്കാതെ എല്ലാവിധ ജീവനെയും പരിഗണിക്കുകയും അവയുടെ ജീവന് ഭീഷണിയാകുന്ന തരത്തിൽ പ്രകൃതിയെ തന്റെ സ്വാർഥത്തിനനുസൃതമായി മാറ്റിമറിക്കാതിരിക്കുകയും ചെയ്യുക.
3. ശരീരത്തെയും ബുദ്ധിയെയും ഹനിക്കുന്ന പദാർഥങ്ങൾ വർജിക്കുകയും വിവാഹേതര ലൈംഗികബന്ധം ഉപേക്ഷിക്കുകയും കുടുംബബന്ധം പവിത്രമായി കാത്തുസൂക്ഷിക്കുകയും ചെയ്യുക.
4. മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും പ്രകൃതിക്കുമിടയിൽ എല്ലാ കാര്യത്തിലും അനുരഞ്ജനവും സംതുലിതത്വവുമുണ്ടാക്കുക.
5. ഓരോ സമൂഹത്തിനും ഓരോ ഘടനയുണ്ട്. ആ ഘടനയെ അതിന്റെ രീതിയിൽ തന്നെ വിടുകയും മൂല്യവത്തായ മാർഗേണ അതിന്റെ വികസനം അനുവദിക്കുകയും ചെയ്യുക.